അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരുടെ ശമ്പളം

*ചോദ്യം. (8) ശ്രീ. കെ. രാമകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

പുതിയതരം മിഡിൽ സ്കൂളിലെ അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകന്മാരുടെ ശമ്പളം, പഴയ മിഡിൽസ്കൂളിലെ അണ്ടർഗ്രാഡ്വേറ്റ് അദ്ധ്യാപകരുടെ ശമ്പളത്തോട് ഐകരൂപ്യം വരുത്തുവാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി ഇതിനകം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) : ഈ വിഷയം ഗവൺമെന്റിന്റെ ആലോചനയിലിരിക്കുകയാണ്.

RATIONING OF FOOD

*144. [5] **Sri. N. D. Jose :** Will the Hon'ble Minister for Education, Labour and Civil Supplies be pleased to state:—

(*a*) whether the allotted rations of food are satisfactorily distributed in all the taluks in the State;

(*b*) whether the Government is aware of complaints from many taluks that full percentage of rations are not supplied, or that in some weeks of the month no rations are supplied;

(*c*) if so, has the Government been pleased to investigate the causes; and

(*d*) if so, the reasons that led to such a break down in the rationing system?

Chief Minister **(Sri. T. K. Narayana Pillai) :**

(*a*) Distribution was on the whole satisfactory except towards the end of August, when due to the non-receipt of any quota from outside, the distribution was not satisfactory in taluks where local paddy was not available for procurement.

(*b*) In some taluks full rice portion of the ration could not be made available. All efforts were however made to minimise breakdowns.

(*c*) All complaints were investigated.

(*d*) Breakdown in rationing was due to inadequacy of stocks due to non-allotment of any quota for August from outside.

ശ്രീ. എ. കെ. പാച്ചുപിള്ള : അരി ഇതുവരെ അനുവദിച്ചിട്ടുള്ള അളവനുസരിച്ചു കിട്ടാത്ത താലൂക്കുകൾ ഏതെല്ലാമെന്നു പറയാൻ ദയവുണ്ടാകുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : ശരിയായ അളവിൽ കിട്ടാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല. എല്ലാ താലൂക്കിനെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട മെമ്പർ ചോദിക്കുന്നതെന്നറിഞ്ഞാൽ അതിനെപ്പറ്റി പറയാൻ തയാറാണ്.

ശ്രീ. എ. കെ. പാച്ചുപിള്ള : പീരുമേട് താലൂക്കിൽ മൂന്നാഴ്ചക്കാലത്തോളം അരി ഒട്ടുതന്നെ കിട്ടീട്ടില്ല എന്നുള്ളതിനെ സംബന്ധിച്ചു വല്ല പരാതിയും ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : പരാതികൾ ഉണ്ടായിരുന്നു.

ശ്രീ. എ. കെ. പാച്ചുപിള്ള : ചങ്ങനാശ്ശേരിത്താലൂക്കിൽപ്പെട്ട ചില ഭാഗങ്ങളിൽനിന്നും അരി കിട്ടിയിട്ടില്ല എന്നു പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ചിലസ്ഥലങ്ങളിൽനിന്നെല്ലാം പരാതികൾ ലഭിച്ചിട്ടുണ്ട്.

ശ്രീ. ആർ. കെ. രാമൻ : அகஸ்தீஸ்வரம் தாலுகாவிலிருந்து ஏதாவதொரு பராதி வந்ததுண்டா?

LIBRARY ARCHIVES Kerala Legislative Assembly